# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 931 — 09.08.2017 -ൽ മറുപടിക്ക്

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.കെ. ശശി** | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ) കഴിഞ്ഞ സർക്കാർ കാലയളവിൽ ഓരോ വർഷവും തൊഴിലാളികൾക്കും, തൊഴിലാളി യൂണിയൻ പ്രവർത്തകർക്കുമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ടുണ്ടായ നേട്ടങ്ങൾ / കോട്ടങ്ങൾ എന്തെല്ലാമെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ) തൊഴിലാളികൾക്കും, തൊഴിലാളി സംഘടനാ പ്രതിനിധികൾക്കും തൊഴിൽ നിയമങ്ങളെക്കുറിച്ചും തൊഴിൽ അവകാശങ്ങളെക്കുറിച്ചും തൊഴിൽ മേഖലയിൽ സംജാതമാകുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാര മാർഗങ്ങളെക്കുറിച്ചും പരിശീലനം, നേതൃത്വവികസന പരിശീലനം ശിൽപ്പശാലകൾ, സെമിനാറുകൾ, അനുസ്മരണ പ്രഭാഷണങ്ങൾ, എന്നിവ നടത്തുകയുണ്ടായി. കൂടാതെ തൊഴിൽ മേഖലയുമായും, തൊഴിലാളികളുമായും ബന്ധപ്പെട്ട സാമൂഹിക പ്രസക്തമായ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തുകയും ആയവ സംസ്ഥാന സർക്കാരിനും, പ്ലാനിംഗ് ബോർഡിനും, യഥാസമയം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിലെ ന്യൂസ് 'ഞാനും എന്റെ തൊഴിൽ നിയമങ്ങളും' എന്ന ശീർഷകത്തിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങളും പദ്ധതികളും, കേരള ചുമട്ടു തൊഴിലാളി നിയമം 1978, 'തൊഴിൽ നൈപുണ്യ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ', തുടങ്ങി തൊഴിലാളികൾക്കും, തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും പ്രയോജനപ്പെടുന്ന കൈ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ തൊഴിലാളികൾക്കും, തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും, ബോധവൽക്കരണം നടത്തുകവഴി സംസ്ഥാനത്ത് മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും, വ്യാവസായിക അന്തരീക്ഷവും സൃഷ്ടിക്കുന്നതിന് സഹായകരമായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് കോട്ടങ്ങൾ ഒന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഓരോ വർഷവും നടത്തിയ പ്രവർത്തനങ്ങളുടെ പട്ടികയും ചെലവായ തുകയും അനുബന്ധം I ആയി ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത പ്രവർത്തനങ്ങളിലൂടെ ഓരോ വർഷവും എത്ര തൊഴിലാളികൾ / തൊഴിലാളി യൂണിയൻ പ്രവർത്തകർ സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയിൽ പങ്കെടുത്തു എന്നും ഇവയിൽ പങ്കെടുത്ത സർക്കാർ / പഞ്ചായത്ത് ഉദ്യോഗസ്ഥർ എത്ര എന്നും പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദഗ്ദർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത പ്രവർത്തനങ്ങളിലൂടെ ഓരോ വർഷവും എത്ര തൊഴിലാളികൾ / തൊഴിലാളി യൂണിയൻ പ്രവർത്തകർ സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയിൽ പങ്കെടുത്തു എന്നും ഇവയിൽ പങ്കെടുത്ത സർക്കാർ / പഞ്ചായത്ത് ഉദ്യോഗസ്ഥർ എത്ര എന്നുമുള്ള വിവരങ്ങൾ അനുബന്ധം II ആയും കിലെയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദഗ്ദരുടെ വിവരങ്ങൾ അനുബന്ധം III ആയും ചേർക്കുന്നു.

| | | |
|---|---|---|
| (സി) | തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വിദഗ്ദ തൊഴിലാളികളെയും ഓരോ തൊഴിൽ മേഖലകളിലേയും വിദഗ്ദരായവരേയും മാത്രം ഉൾക്കൊള്ളിച്ച് (പഞ്ചായത്ത്, മറ്റ് സർക്കാർ ഉദ്യോഗസ്ഥരെ ഒഴിവാക്കിയും) തൊഴിലാളികൾക്ക് ഉപയോഗപ്രദമായ രീതിയിൽ ബോധവൽക്കരണം, നൈപുണ്യ വികസനം തുടങ്ങിയവ മെച്ചപ്പെട്ട രീതിയിൽ നടത്തുവാനും ഇതുമായി ബന്ധപ്പെട്ട പഠനങ്ങളും ഗവേഷണങ്ങളും നടത്തുവാനും സംസ്ഥാനത്ത് പ്രസ്തുത മേഖലകളിലെ വിദഗ്ദരെ കണ്ടെത്തി ,അവരെക്കൊണ്ടു മാത്രം ആയത് നടത്തുവാനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (സി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

| വർഷം | പരിശീലന പരിപാടി/ സെമിനാർ/ ശില്പശാല - എണ്ണം | | പങ്കെടുത്ത തൊഴിലാളികൾ | സർക്കാർ/ പഞ്ചായത്ത് ഉദ്യോഗസ്ഥർ | ഗവേഷണം | പ്രസിദ്ധീകരണം | ചെലവായ തുക |
|---|---|---|---|---|---|---|---|
| | തൊഴിലാളികൾ | ഉദ്യോഗസ്ഥർ | | | | | |
| 2011-12 | 38 | 5 | 6805 | 90 | 3 | ഇല്ല | 1499862/- |
| 2012-13 | 13 | 17 | 871 | 494 | 6 | ഇല്ല | 3300842/- |
| 2013-14 | 13 | 12 | 964 | 570 | 6 | ഇല്ല | 2204013/- |
| 2014-15 | 15 | 8 | 1277 | 263 | ഇല്ല | 9 | 3177736/- |
| 2015-16 | 4 | 5 | 249 | 282 | 6 | 6 | 6079401/- |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| വർഷം | പങ്കെടുത്ത തൊഴിലാളികൾ | സർക്കാർ/പഞ്ചായത്ത് ഉദ്യോഗസ്ഥർ |
|---|---|---|
| 2011-12 | 6805 | 90 |
| 2012-13 | 871 | 494 |
| 2013-14 | 964 | 570 |
| 2014-15 | 1277 | 263 |
| 2015-16 | 249 | 282 |

സെക്ഷൻ ഓഫീസർ

**അനുബന്ധം III**

| | |
|---|---|
| പ്രൊഫ. റ്റി.എസ്.എൻ. പിള്ള | റിട്ട. പ്രൊഫസർ ലയോള കോളേജ് |
| ഡോ. മനുഭാസ്കർ | റിട്ട. പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് കേരള,കാര്യവട്ടം |
| ഡോ. ജെ. രാജൻ | റിട്ട. പ്രൊഫ. ആന്റ് ഹെഡ്,യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം |
| ശ്രീ. കെ.വി. മോഹൻദാസ് | റിട്ട. അഡീഷണൽ ലേബർ കമ്മീഷണർ |
| ശ്രീ. എ. എസ്. ശശിപ്രകാശ് | റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ |
| ശ്രീ. വി. വീരകുമാർ | റിട്ട. അഡീഷണൽ ലേബർ കമ്മീഷണർ |
| ശ്രീ. വിൻസെന്റ് അലക്സ് | റിട്ട. അഡീഷണൽ ലേബർ കമ്മീഷണർ |
| ഡോ. എ.കെ. ശ്രീഹരി | റിട്ട. ജോയിന്റ് ലേബർ കമ്മീഷണർ |
| ശ്രീ. എസ്. തുളസീധരൻ | അഡീഷണൽ ലേബർ കമ്മീഷണർ |
| ശ്രീ. എ. അലക്സാണ്ടർ | അഡീഷണൽ ലേബർ കമ്മീഷണർ |
| അഡ്വ ബെന്നി പി തോമസ് | പാർട്ണർ, മേനോൻ ആന്റ് പൈ, എറണാകുളം |
| അഡ്വ. അശോക് ബി ഷേണായി | ഹൈകോർട്ട് ഓഫ് കേരള |
| ശ്രീ. എൻ.പി. അമ്മു | ചീഫ് ഇൻസ് പെക്ടർ ഓഫ് പ്ലാന്റേഷൻസ് |
| ശ്രീ. ജി.എൽ. മുരളീധരൻ | റിട്ട. അഡീഷണൽ ലേബർ കമ്മീഷണർ |
| ശ്രീ. ജോർജ് കോശി | കെൽട്രോൺ, ഫംഗ്ഷണൽ ഡയറക്ടർ |
| ഡോ.എസ്.കെ. ശശികുമാർ | സീനിയർ ഫെലോ, വി.വി.ജി.എൻ.എൽ.ഐ. |
| അഡ്വ.അനിൽ നാരായണൻ | അഡ്വക്കേറ്റ് |
| ശ്രീ. സൈനുലാബ് ദ്ദീൻ | റിട്ട.ഡെപ്യൂട്ടി ഡയറക്ടർ, ഇ.എസ്.ഐ. കോർപ്പറേഷൻ |
| ശ്രീ. എസ്. മഹാലിംഗം | റിട്ട. പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ |
| ഡോ. ജോർജ് മാത്യു | അസോസിയേറ്റ് പ്രൊഫസർ, കൊച്ചിൻ യൂണിവേഴ്സിറ്റി |
| ഡോ. കെ. മുരളീധരൻപിള്ള | ഡയറക്ടർ ഓഫ് ഓപ്പറേഷൻസ്, സേഫ്റ്റി കൺസൾട്ടൻസ് |
| ശ്രീ. പി. പ്രമോദ് | ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് |
| ശ്രീ. കെ. വിനീഷ് | അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ |
| ശ്രീ. ആദർശ് കുമാർ ജി.ആർ. | ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ |
| ശ്രീ. റ്റി.വി. ശശികുമാർ | കൺസൾട്ടന്റ്, നാറ്റ്പാക് |
| ഡോ. വേണുഗോപാൽ | ജനറൽ ഹോസ്പിറ്റൽ, ആലപ്പുഴ |
| ശ്രീ. ജോൺസൺ ജെ. എടയാറൻമുള | ഡയറക്ടർ, ആൾക്കഹോൾ ആന്റ് ഡ്രഗ് ഇൻഫർമേഷൻ സെന്റർ |
| ശ്രീ. പി. ശശികുമാർ | എക്സിക്യൂട്ടീവ് ഡയറക്ടർ, ചിയാക് |
| ശ്രീ. റ്റി.എസ്. ചന്ദ്രൻ | അസി. ഡിസ്ട്രിക് ഇൻഡസ്ട്രീസ് ഓഫീസർ, എറണാകുളം |
| ശ്രീ. ജോർജ് ഫ്രാൻസിസ് എം.എ. | ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് |

| | |
|---|---|
| ശ്രീ. സുധീഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ, എംപ്ലോയ്മെന്റ് |
| ശ്രീ. എൽ.വി. റെഡ്ഡി | റിട്ട. റിസർച്ച് ഓഫീസർ, സിർട്ടസ്, നോയിഡ |
| ശ്രീ. രാജു സി. ഡേവിഡ് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് |
| പ്രൊഫസർ സംസൺ തോമസ് | അസോ. ഡീൻ, മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് , കുട്ടിക്കാനം |
| പ്രൊഫ. മണികണ്ഠൻ | എച്ച്.ഒ.ഡി. സൈക്കോളജി ഡിപ്പാർട്ട്മെന്റ്, യൂണിവേഴ്സിറ്റി ഓഫ് കേരള |
| ശ്രീ. എൻ.പി. മുഹമ്മദ് റാഫി | അക്കാഡമിക് ഹെഡ് |
| ശ്രീ. കെ രാജൻ നായർ | റിട്ട. അക്കൗണ്ട്സ് അസിസ്റ്റന്റ്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ് |
| ശ്രീ. കെ. നടേശൻ ആശാരി | റിട്ട. സെക്രട്ടറി, സോഷ്യൽ വെൽഫയൽ ഫണ്ട് ബോർഡ് |
| ശ്രീ. എൽ, സുകുമാരൻ നായർ | റിട്ട.ഡയറക്ടർ ഓഫ് ട്രഷറീസ് |
| ശ്രീ. എൻ. ഷൺമുഖപിള്ള | റിട്ട. സീനിയർ ആഡിറ്റ് ഓഫീസർ |
| അഡ്വ. ഡി.ബി. ബിനു | ജനറൽ സെക്രട്ടറി, ഹ്യൂമൻ റൈറ്റ്സ് ഡിഫൻസ് ഫോറം |
| ഡോ.എൻ. കൃഷ്ണ കുമാർ | പ്രൊഫ. ഗവ. ലാ കോളേജ്, തിരുവനന്തപുരം |
| ഫാ. ജോയ് ജയിംസ് എസ്.ജെ. | ചെയർമാൻ, ചൈൽഡ് വെൽഫയർ കമ്മിറ്റി. |

സെക്ഷൻ ഓഫീസർ